"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 -എൻ.സി.ഡി.സി- ഏഴോം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം 1508ന് എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡു തുക അനുവദിയ്ക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.174/2024/Co-Op    തീയതി,തിരുവനന്തപുരം, 30-03-2024

---

പരാമർശം:-

1. എൻ സി ഡി സി മാനേജിംഗ് ഡയറക്ടറുടെ03/02/2014ലെ

   NCDC/5/22/2013/(സി ,ഐ സി & എസ് സി )/269/എസ് എ 30188നമ്പർ കത്ത്.

2. സ.ഉ(സാധാ) നം 450/2015/സഹ തീയതി 04/08/2015

3. സ.ഉ (സാധാ) നം 855/2022/സഹ തീയതി 23/12/2022

4. സഹകരണ സംഘം രജിസ്ട്രാറുടെ 08/05/2023 ലെ പി & എം എ(3)3586/2022 നം കത്ത്.

5. ഇ അനുമതി നമ്പർ AS/COP/23/27538 കാലാവധി 31/03/2023

6. സ.ഉ (സാധാ) നം. 329/2023/സഹ തീയതി 01/06/2023

**ഉത്തരവ്**

ഏഴോം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം 1508ന് അടിസ്ഥാന സൗകര്യവികസനത്തിന് എൻ സി ഡി സി ധനസഹായമായി 60.30ലക്ഷം രൂപ പരാമർശം (1) കത്ത് പ്രകാരം അനുവദിച്ചിരുന്നു. ആയതിൽ ഒന്നാം ഗഡുവായി 21.775 ലക്ഷം രൂപ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. രണ്ടാം ഗഡുവായ 38.525 ലക്ഷം രൂപ (മുപ്പത്തെട്ട് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) (ഓഹരി — 13.4ലക്ഷം, വായ്പ — 25.125ലക്ഷം) യഥാക്രമം 4425-108-42-34-3 (ഓഹരി), 6425-108-19 (വായ്പ) എന്നീ ശീർഷകങ്ങളിൽ നിന്നും അനുവദിയ്ക്കുന്നതിന് പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ഓഹരി ഇനത്തിലെ 13.40 ലക്ഷം രൂപ റിലീസ് ചെയ്യാൻ സാധിക്കാത്തതിനാൽ പ്രസ്തുത തുക 2023-24 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (5,6) പ്രകാരം ഭരണാനുമതി പുതുക്കി

നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഏഴോം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം 1508ന് എൻ സി ഡി സി ധനസഹായമായി അനുവദിച്ചിരുന്ന തുകയുടെ രണ്ടാം ഗഡുവായ 38.525 ലക്ഷം രൂപയിൽ ഓഹരിയിനത്തിൽ ഇനി അനുവദിക്കുവാൻ ബാക്കിനിൽപ്പുള്ള തുകയായ 13.40 ലക്ഷം രൂപ (പതിമൂന്ന് ലക്ഷത്തിനാൽപ്പതിനായിരം രൂപ മാത്രം) (4425-108-42-34-3) എന്ന ശീർഷകത്തിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക 2023-24 സാമ്പത്തികവർഷത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/137/2023/ധന)

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 30-03-2024 14:02:43

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എസ് ന്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.